# തേജസ്സ്

## അക്കാദമിക് മാസ്റ്റർപ്ലാൻ 2025–26

മീനാക്ഷിവിലാസം ഗവൺമെന്റ് വൊക്കേഷണൽ
ഹയർ സെക്കന്ററി സ്കൂൾ, പേരൂർ
2025 – 26



# പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം
# വിദ്യാലയ വികസനരേഖ
# തേജസ്സ്

**മീനാക്ഷിവിലാസം ഗവൺമെന്റ് വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂൾ**
**പേരൂർ**

Headmistress: Sheena. A

Principal (HSS): Renuka. V R

Principal (VHSS): Ratheesh

PTA President: Midlaj M S

SMC Chairman: Salahudeen

# ആമുഖം

**വി**ദ്യാഭ്യാസം സാമൂഹ്യമാറ്റത്തിന്റേയും വ്യക്തിത്വവളർച്ചയുടേയും ശക്തിയായ ഒരു ഉപാധിയാണ്. ജ്ഞാനത്തിന്റെ ആഴങ്ങളിലേക്കും ജീവിതമൂല്യങ്ങളിലേക്കും കുട്ടികളെ നയിക്കുന്ന വഴിയാണ് നമ്മുടെ പാഠ്യപദ്ധതി. ഈ 2025-26 അദ്ധ്യയനവർഷത്തെ അക്കാദമിക് മാസ്റ്റർപ്ലാൻ 'സമഗ്ര ഗുണമേന്മ' യെ അടിസ്ഥാനമാക്കി തയ്യാറാക്കിയിരിക്കുന്നു. നമ്മുടെ കുട്ടികളുടെ ഭാവിയെ ഗുണമേന്മയോടെ പടുത്തുയർത്താൻ, വൈവിധ്യമാർന്ന പ്രവർത്തനപദ്ധതികൾ ആസൂത്രണം ചെയ്തുകൊണ്ട് ഈ വിദ്യാലയം പ്രതിജ്ഞാബദ്ധമായി മുന്നേറുന്നു. പാഠ്യപദ്ധതിയുടെ കാര്യക്ഷമത ഫലപ്രദമായി ഉറപ്പാക്കാനായി ഈ അക്കാദമിക്ക് മാസ്റ്റർപ്ലാൻ രൂപപ്പെടുത്തിയിരിക്കുന്നു.

പൊതുവിദ്യാലയങ്ങളിൽ മാറ്റത്തിന്റെ വിപ്ലവം സൃഷ്ടിച്ച വിദ്യാഭ്യാസസംരക്ഷണയജ്ഞം മീനാക്ഷിവിലാസത്തിന്റെയും മുഖഛായ മാറ്റി. ഹൈടെക് കെട്ടിടങ്ങളും ഡിജിറ്റൽ സൗകര്യവും കരുത്ത് പകർന്നപ്പോൾ അദ്ധ്യാപക- രക്ഷകർത്താക്കൾ മുൻകൂട്ടി ആസൂത്രണം ചെയ്യുന്ന മാസ്റ്റർപ്ലാൻ വിദ്യാലയപുരോഗതിയെ അവിഘ്നം മുന്നോട്ടു നയിക്കുന്നു.

# മീനാക്ഷിവിലാസം ഗവൺമെന്റ് വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂൾ
# വിദ്യാലയത്തിന്റെ ലഘുചരിത്രം

**സ്വാ**തന്ത്ര്യലബ്ധിക്കുമപ്പുറം പേരൂരിന്റെ മണ്ണിൽ ചുവടുറപ്പിച്ച വിദ്യാലയം. നേരത്തെ കല്ലുവിള പ്രൈമറിസ്ക്കൂൾ എന്നാണ് അറിയപ്പെട്ടിരുന്നത്. 1944-ൽ മാനേജരും പ്രഥമാദ്ധ്യാപകനും ശ്രീ കുഞ്ഞൻപിള്ള സാറായിരുന്നു. തുടർന്ന് ശ്രീ ദാമോദരൻപിള്ള ആക്ടിംഗ് അസിസ്റ്റന്റായി സേവനം അനുഷ്ഠിക്കുകയും അദ്ധ്യാപകനായി മാറുകയും ചെയ്തു. ഈയവസരത്തിൽ സ്ക്കൂൾ കെട്ടിടം കെട്ടാനുള്ള തുക സംഭാവന നൽകാൻ കല്ലുവിള പുത്തൻവീട്ടിൽ ശ്രീനാരായണപിള്ളയെന്ന വ്യവസായി തയ്യാറായപ്പോൾ പ്രസ്തുത സംരഭത്തിനായി തന്റെ കുടുംബവക പുരയിടം വിട്ടുനൽകാൻ ശ്രീ ദാമോദരൻപിള്ളസാർ തയ്യാറായി.

കെട്ടിടം സ്വന്തമാവും മുമ്പ് വൈ.എം.സി.എ. വായനശാലയായിരുന്നു പഠനകേന്ദ്രം. 1946-ൽ ഗവൺമെന്റിന് വിദ്യാലയം വിട്ടുനൽകുമ്പോൾ പേര് മാറരുതെന്ന ഉപാധിമാത്രമായിരുന്നു മുന്നോട്ടുവച്ചത്. ആദ്യകാലത്തെ ഓലഷെഡ്ഡുകൾ കാലക്രമത്തിൽ മാറ്റങ്ങൾക്കു വിധേയമായി. 1966 ൽ ഈ വിദ്യാലയം ഹൈസ്ക്കൂളായി ഉയർത്തപ്പെട്ടു. 1967 ജൂണിൽ എൽ.പി, എച്ച്.എസ്.എസ് രണ്ടു വിഭാഗങ്ങളായി പ്രവർത്തിച്ചുതുടങ്ങി. 1993 ൽ വി.എച്ച്.എസ്.ഇ വിഭാഗവും 2000 ഒക്ടോബറിൽ ഹയർസെക്കന്ററി വിഭാഗവും പ്രവർത്തനമാരംഭിച്ചു. വിദ്യാർത്ഥികളുടെ ആധിക്യവും സ്ഥലപരിമിതിയും മൂലം ഒരു സമയത്ത് വിദ്യാലയം ഷിഫ്റ്റ് സമ്പ്രദായത്തിലേക്ക് വഴിമാറി. മിക്ക പൊതു വിദ്യാലയങ്ങളും പുരോഗതിയുടെ പാതയിൽനിന്ന് വ്യതിചലിച്ച കാലഘട്ടം ഈ വിദ്യാലയത്തേയും സ്വാധീനിച്ചു.

ഭൗതിക സാഹചര്യങ്ങളിൽ പരാധീനിതകൾ ഏറെ ഉണ്ടായിരുന്ന സ്ക്കൂളിന്റെ പുരോഗമനപരമായ പ്രവർത്തനങ്ങൾക്ക് ഒരു കുറവും സംഭവിക്കാതെ നിലനിർത്തി

യതിൽ മാറിമാറിവന്ന ജനപ്രതിനിധികൾ, പി.ടി.എ, സ്ഥാപനമേധാവികൾ,അദ്ധ്യാപകർ, രക്ഷകർത്താക്കൾ, പ്രദേശവാസികൾ, പൂർവ്വ വിദ്യാർത്ഥികൾ എന്നിവരുടെ പങ്ക് എടുത്തുപറയേണ്ടിയിരിക്കുന്നു. ഈ വിഭാഗങ്ങളുടെയെല്ലാം ആത്മാർത്ഥമായ പ്രവർത്തനവും സഹകരണവും ഇപ്പോഴും തുടരുന്നതിനാൽ പാഠ്യ- പാഠ്യേതര പ്രവർത്തനങ്ങളിൽ മികവാർന്ന നേട്ടം കൈവരിക്കാനും സ്ക്കൂളിന്റെ യശസ്സിന് കളങ്കം തട്ടാത്തവിധം മുന്നോട്ടുകൊണ്ടുപോകാനും കഴിയുന്നു എന്നത് അഭിമാനകരമായ നേട്ടംതന്നെയാണ്.

# അടിസ്ഥാന വിവരങ്ങൾ

| | |
|---|---|
| സ്കൂളിന്റെ പേര്& വിലാസം | : മീനാക്ഷിവിലാസം ഗവൺമെന്റ് വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂൾ, പുന്തലത്താഴം, കൊല്ലം– 6916005 |
| ഫോൺ | : 0474 2711767 |
| സ്കൂൾ കോഡ് | : 41065 |
| UDISE കോഡ് | : 32130900202 |
| വിദ്യാഭ്യാസ ഉപജില്ല | : കുണ്ടറ |
| റവന്യൂ ജില്ല | : കൊല്ലം |
| ബി.ആർ.സി | : കുണ്ടറ |
| ഗ്രാമപഞ്ചായത്ത് | : കൊറ്റങ്കര |
| ബ്ലോക്ക് പഞ്ചായത്ത് | : മുഖത്തല |
| ജില്ലാ പഞ്ചായത്ത് | : കൊല്ലം |
| നിയമസഭാ മണ്ഡലം | : കുണ്ടറ |
| ലോകസഭാ മണ്ഡലം | : കൊല്ലം |
| താലൂക്ക് | : കൊല്ലം |
| ഇ-മെയിൽ വിലാസം | : 41065klm@gmail.com |
| ഫെയിസ്ബുക്ക് | : Meenakshivilasam Govt Vhss Peroor |

# നിലവിലുള്ള അവസ്ഥാ വിശകലനം

## കുട്ടികളുടെ എണ്ണം

| എച്ച്.എസ്/യു.പി | | | |
|---|---|---|---|
| | ആൺകുട്ടികൾ | പെൺകുട്ടികൾ | **ആകെ** |
| **2013–14** | 493 | 382 | 875 |
| **2014–15** | 487 | 361 | 848 |
| **2015–16** | 482 | 356 | 838 |
| **2016–17** | 466 | 342 | 808 |
| **2017–18** | 407 | 314 | 721 |
| **2018–19** | 430 | 320 | 750 |
| **2019–20** | 401 | 360 | 761 |
| **2020–21** | 430 | 363 | 793 |
| **2021–22** | 440 | 426 | 866 |
| **2022–23** | 499 | 443 | 942 |
| **2023–24** | 527 | 408 | 915 |
| **2024–25** | 471 | 411 | 882 |
| **2025–26** | 450 | 379 | 829 |

# സ്കൂളിന്റെ മികവുകൾ

- ഹൈടെക് ക്ലാസ് മുറികൾ
- നാഷണൽ സർവീസ് സ്കീം (HSS & VHSS)
- സ്റ്റുഡന്റ് പോലീസ് കേഡറ്റ്
- വിശാലമായ ഗ്രന്ഥപുര
- ഷട്ടിൽ ബാറ്റ്മിന്റൻ കോർട്ട്, വോളിബോൾ കോർട്ട്
- ജൂനിയർ റെഡ്ക്രോസ്
- ജൂനിയർ പ്രൈമറി ഹെൽത്ത് നെഴ്സ്
- ശ്രദ്ധ
- ഫോറസ്റ്റ് ക്ലബ്ബ്
- സൗഹൃദ ക്ലബ്ബ് (HSS & VHSS)
- ഭൂമിത്രസേന ക്ലബ്ബ് (HSS & VHSS)
- സ്റ്റുഡന്റ് കൗൺസിലിംഗ് സെന്റർ
- കരുതൽ
- വിശാലമായ ഡൈനിംഗ്ഹാൾ
- കുടിവെള്ള ശുദ്ധീകരണ സംവിധാനം
- ഗാന്ധിദർശൻ ക്ലബ്ബ്
- യോഗ ക്ലാസ്സുകൾ
- പഠന വിനോദ യാത്രകൾ
- വ്യക്തിത്വ വികസന ക്ലാസുകൾ
- വ്യക്തിത്വ പ്രഭാത ഭക്ഷണ പരിപാടി
- സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പ്
- വിവിധ പഠന ക്ലബ്ബുകൾ
- സെക്യൂരിറ്റി, സി.സി.ടി.വി സംവിധാനം
- USS, NMMS പരിശീലനം
- ഗേൾസ് ഫ്രണ്ട്ലി റൂം
- ലിറ്റിൽ കൈറ്റ്സ്
- അവധിക്കാല ഫുട്ബോൾ പരിശീലനം
- പെൺകുട്ടികൾക്കും അമ്മമാർക്കും അവധിക്കാല തയ്യൽ പരിശീലനം
- സ്കൂൾപത്രം- ദ്യുതി
- പച്ചത്തുരുത്ത്
- ജി.കെ. ക്ലബ്ബ്
- സ്പോക്കൺ ഇംഗ്ലീഷ്



## തനത് പ്രവർത്തനം
# 'സാക്ഷര സപര്യ'

'**അ**ക്ഷരജ്ഞാനവും അക്കജ്ഞാനവും' കുട്ടിയുടെ പഠനലോകത്തേക്കുള്ള അടിസ്ഥാന ചുവടുകളാണ്. എന്നാൽ ബാഹ്യവും ആന്തരികവുമായ പല കാരണങ്ങളാൽ ചുവടുറയ്ക്കാതെ പോയവർ, അവരെക്കൂടി ചേർത്ത് നിർത്തിക്കൊണ്ട് ആവാം നമുക്ക് ഈ യാത്ര.

ഈ യാത്രയിൽ രസകരമായ പ്രവർത്തനങ്ങളിലൂടെയും കളികളിലൂടെയും നമുക്ക് യാത്ര തുടരാം. സ്കൂൾ അധ്യയന സമയത്തിനുശേഷം പ്രത്യേക പിന്തുണ അർഹിക്കുന്ന കുട്ടികൾ അധ്യാപകരുടെ സഹായത്തോടെ ഈ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു. ഇതുവഴി സ്കൂളിലെ മുഴുവൻ കുട്ടികളിലും അക്ഷരജ്ഞാനവും അക്കജ്ഞാനവും ഉറപ്പിക്കുന്നതിൽ വിജയം നേടാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

ബാല്യത്തിൽ അക്ഷരമുറയ്ക്കാതെ പോയ കുട്ടികളിൽ അക്ഷരജ്ഞാനമുറപ്പിക്കുക എന്നത് ശ്രമകരമായ പ്രവർത്തനമാണ്. അക്ഷരങ്ങളുടെ കാർഡുകൾ, അക്ഷരത്തോരണം മുതലായവ വിവിധ ദിനാചരണങ്ങളിൽ ഉൾപ്പെടുത്തുന്നു. പത്രവായന, വായനാപരീക്ഷ, അക്ഷരകേളി, ശ്രദ്ധാക്ലാസ്സുകളുടെ ഫലപ്രദമായ വിനിയോഗം എന്നിവ ഈ പ്രവർത്തനങ്ങളിൽപ്പെടുന്നു. പത്താംക്ലാസ് വിദ്യാർത്ഥികൾക്കായി വർക്ക്ഷീറ്റുകൾ പ്രയോജനപ്പെടുത്തുന്നു.

## പച്ചത്തുരുത്ത്

'പ്രകൃതിയോടും പച്ചപ്പിനോടും ഇണങ്ങി ജീവിക്കുക' എന്ന ലക്ഷ്യത്തോടെ കൊറ്റങ്കര പഞ്ചായത്തിന്റെയും സ്കൂളിലെ വിവിധ ക്ലബ്ബുകളുടെയും നേതൃത്വത്തിൽ പച്ചത്തുരുത്തിലേക്കുള്ള വൃക്ഷങ്ങൾ നട്ടു പരിപാലിക്കുന്നു. ഫലവൃക്ഷങ്ങളായ ലെമൺവൈൻ, ആത്ത, മുള്ളാത്ത, ശീമനെല്ലി, മാവ്,ചിക്കു, റംബൂട്ടാൻ, മാതളം, ആപ്പിൾ ചാമ്പ മുതലായവയും ഗ്രാമ്പു, ജാതി മുതലായ സുഗന്ധദ്രവ്യങ്ങളും അഗത്തിച്ചീര, കറിവേപ്പില, തുളസി, ആടലോടകം മുതലായവയും വളർത്തുന്നുണ്ട്. കുട്ടികളുടെ മനസ്സിനെയും വിദ്യാലയത്തിനെയും ഹരിതാഭമാക്കുകയാണ് പച്ചത്തുരുത്തിന്റെ ലക്ഷ്യം. ഇതിന്റെ മികച്ച പരിപാലനം സാധ്യമാക്കുന്നതിനാൽ പഞ്ചായത്തിൽ നിന്നും ഹരിതവിദ്യാലയ പുരസ്കാരം നമ്മുടെ സ്കൂളിന് പ്രവേശനോത്സവ ദിവസം ലഭിക്കുകയുണ്ടായി.



## സ്കൂൾ പത്രം

# ‘ദ്യുതി’


DYUTHI 2.0

ദ്യുതി

A Hand of hope for Wayanad

INDEPENDENCE DAY

**കു**ട്ടികളിൽ പത്രപ്രവർത്തനത്തിന്റെ ബാലപാഠങ്ങൾ എത്തിക്കുന്നതിനായി മീനാക്ഷിവിലാസം ഗവൺമെന്റ് സ്ക്കൂളിൽ നടപ്പിലാക്കുന്ന മികച്ച ഒരു പ്രവർത്തനമാണ് സ്കൂൾ പത്രമായ ദ്യുതിയുടെ പ്രകാശനം. 2023-24 അദ്ധ്യയനവർഷമാണ് ഈപദ്ധതി തുടക്കമിട്ടത്. വിദ്യാരംഗം, സീഡ് ക്ലബ്ബ്, ഇംഗ്ലീഷ് ക്ലബ്ബ്, ലിറ്റിൽ കൈറ്റ്, എസ്.പി.സി, സയൻസ് ക്ലബ്ബ്, എസ്.എസ്. ക്ലബ്ബ്, ഹിന്ദി ക്ലബ്ബ് തുടങ്ങി വിവിധ ക്ലബ്ബുകളുടെ സഹായത്താൽ 2025-26 അദ്ധ്യയന വർഷവും സ്കൂൾ പത്രം പ്രകാശനം ചെയ്യാൻ തീരുമാനിച്ചു.

## പ്രഭാതഭക്ഷണം

**സ്**കൂളിലെ ജീവനക്കാരുടേയും മറ്റും സാമ്പത്തിക സഹായത്താൽ സ്കൂളിൽ നടന്നുവരുന്ന ഒരു പദ്ധതിയാണ് ‘സ്കൂൾ പ്രഭാതഭക്ഷണ പദ്ധതി’. അർഹരായ കുട്ടികളെ ഗൃഹസന്ദർശനം നടത്തി കണ്ടെത്തി ഈ പദ്ധതിയിൽ അംഗമാക്കുന്നു. ഏറ്റവും വൃത്തിയുള്ളതും, പോഷക സമൃദ്ധമായതുമായ ഭക്ഷണം കുട്ടികൾക്ക് നൽകിവരുന്നു. ഈ പദ്ധതിയുടെ ധനസമാഹരണത്തിനുവേണ്ടി പ്രവർത്തിക്കുന്ന അധ്യാപകർ, രക്ഷിതാക്കൾ രക്ഷാകർത്തൃസംഘടനകൾ , വിവിധ യൂണിറ്റുകൾ, ക്ലബ്ബുകൾ എന്നിവരെ അനുമോദിക്കുന്നു.

# മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ

- മിനി ആഡിറ്റോറിയം
- ബയോഗ്യാസ് പ്ലാന്റ്
- ഡൈനിംഗ് ഹാൾ, ഫർണീച്ചറുകൾ
- മൾട്ടിമീഡിയ ഡിജിറ്റൽ കമ്പ്യൂട്ടറൈസ്ഡ് ലാംഗ്വേജ് ലാബ്
- ആർട്ട് ആന്റ് ക്രാഫ്റ്റ് റൂം
- കൂടുതൽ സ്മാർട്ട് ക്ലാസ്സ് മുറികൾ
- കേന്ദ്രീകൃത എയർകണ്ടീഷൻ ചെയ്ത ലൈബ്രറി
- മികച്ച സൗകര്യങ്ങളോടുകൂടിയ ലാബുകൾ
- ഓട്ടിസം പാർക്ക്
- മികച്ച സ്പോർട്ട്സ് ഉപകരണങ്ങൾ
- മികച്ച ഗതാഗത സംവിധാനം
- സിവിൽ സർവ്വീസ്, നീറ്റ്, ജെ.ഇ.ഇ തുടങ്ങിയ മത്സരപ്പരീക്ഷകളുടെ പരിശീലന സൗകര്യം

## സ്കൂളിന്റെ നേട്ടങ്ങൾ

**പാ**ഠ്യപാഠ്യേതര പ്രവർത്തനങ്ങളിൽ ഏറെ നേട്ടങ്ങൾ കൈവരിച്ചുകൊണ്ടിരിക്കുന്ന സ്കൂളാണിത്. പഠന മികവിനോടൊപ്പം കലാകായിക രംഗങ്ങളിലൂടെ മറ്റ് ക്ലബ്ബ് പ്രവർത്തന ങ്ങളിലും ഈ സ്കൂളിലെ കുട്ടികൾ മികവുറ്റ പ്രകടനങ്ങൾ കാഴ്ചവച്ചിട്ടുണ്ട്.

## അക്കാദമിക രംഗം

| വർഷം | വിഭാഗം | വിജയശതമാനം | ഫുൾ A+കളുടെ എണ്ണം |
|---|---|---|---|
| 202425 | എസ്.എസ്.എൽ.സി | 100% | 21 |
| | എച്ച്.എസ്.എസ് | 84% | 26 |
| | വി.എച്ച്.എസ്.സി | % | |

### USS വിജയികൾ

1. ആരവ് ആർ. നായർ
2. നിരഞ്ജന സി. ലാൽ
3. അബ്ദുള്ള. ഐ
4. ഐഷ ഫാത്തിമ
5. ശിവദേവ് കൃഷ്ണ.എൻ
6. ആമിന
7. അഭിനവ് എം.
8. ശരൺ സജൻ
9. മാനസ് എം.
10. ത്വയ്ബ ഹുസ്ന
11. അഭിജിത്ത്

### SCIENCE TALENT SEARCH EXAM വിജയി

1. ശ്രാവൺ കെ.എസ്

### NMMS വിജയി

1. ശ്രാവൺ കെ.എസ്

### LITTLE KITES STATE CAMP PARTICIPANT

1. വെങ്കിടേഷ്. വി

# ശാസ്ത്രമേള

## ജില്ലാ മേളയിൽ അർഹത നേടിയവർ

**IT മേള**

| ഇനം | കുട്ടികളുടെ പേര് | വിഭാഗം |
|---|---|---|
| പ്രോഗ്രാമിംഗ് | വെങ്കിടേഷ് | എച്ച്.എസ് |
| ക്വിസ് | വിഷ്ണു. ആർ | യു.പി |

---

**പ്രവർത്തി പരിചയമേള**

| ഇനം | കുട്ടികളുടെ പേര് | വിഭാഗം |
|---|---|---|
| വോളിബോൾ നെറ്റ് മേക്കിംഗ് | കൃഷ്ണ യു. | എച്ച്.എസ് |
| മെറ്റൽ എൻഗ്രേവിംഗ് | സുബിൻ വി.എസ് | എച്ച്.എസ് |
| ഫാബ്രിക്ക് പെയിന്റിംഗ് | അബു സുഫിയാൻ<br>ശ്രാവൺ കെ.എസ് | യു.പി<br>എച്ച്.എസ് |
| മാത്സ് ക്വിസ് | സാറാ ഫാത്തിമ | യു.പി |

---

**ജില്ലാ കലോത്സവത്തിൽ അർഹത നേടിയവർ**

**അക്ഷരശ്ലോകം- അറബിക്**
ഐഷ തുഹറ

| ഇനം | സ്ഥാനം | കുട്ടിയുടെ പേര് | വിഭാഗം |
|---|---|---|---|
| ഭരതനാട്യം | I A ഗ്രേഡ് | ഹരിഗോവിന്ദ് | എച്ച്.എസ് |
| മോണോആക്ട് | I A ഗ്രേഡ് | ലക്ഷ്മി.ബി | എച്ച്.എസ് |
| പെയിന്റിംഗ് | I A ഗ്രേഡ് | സുബിൻ. വി.എസ് | യു.പി |

# സ്കൂൾ വാർഷിക കലണ്ടർ
# 2025-2026

**ഏപ്രിൽ 2025**

- 13 വയസ്സിനു താഴെ പ്രായമുള്ള ആൺകുട്ടികൾക്കുള്ള ഫുട്ബോൾക്യാമ്പ്
- 2025-26 അധ്യയനവർഷത്തേയ്ക്കുള്ള അഡ്മിഷൻ ആരംഭം.

**മെയ് 2025**

- സ്റ്റാഫ് മീറ്റിംഗ്- വാർഷിക പദ്ധതി- കരട് ചർച്ച
- പി.ടി.എ,എം.പി.ടി.എ യോഗം
- പ്രവേശനോത്സവം- സംഘടനാ സമിതി രൂപീകരണം
- എസ്.ആർ.ജി. യോഗം
- കൺവീനർമാരെ തെരഞ്ഞെടുക്കൽ
- അവധിക്കാല ഫുട്ബോൾ പരിശീലന സമാപനം
- 2024-2025 അധ്യയനവർഷത്തെ എസ്.എസ്.എൽ.സി 100 ശതമാനം വിജയാഘോഷം.
- 2025-26 അധ്യയന വർഷത്തിലെ പത്താംക്ലാസിലെ കുട്ടികളുടെ രക്ഷിതാക്കൾക്കുള്ള ബോധവൽക്കരണ ക്ലാസ്സ്.

**ജൂൺ 2025**

- പ്രവേശനോത്സവം- വരവേൽക്കൽ
- സ്റ്റാഫ് യോഗം-എസ്.ആർ.ജി
- സമഗ്രഗുണമേന്മ പദ്ധതിപ്രകാരമുള്ള മൂല്യാധിഷ്ഠിത ക്ലാസുകൾക്ക് തുടക്കം
- പരിസ്ഥിതി ദിനം
- ശ്രദ്ധക്ലാസ്സ്
- ലോക ബാലവേല വിരുദ്ധ ദിനം
- വായനാദിനം
- പാസ്കൽ ദിനം
- ക്ലാസ് തലയൂണിറ്റ് ടെസ്റ്റ്
- 5-10വരെ ക്ലാസ്സിലെ പ്രത്യേക പരിഗണന അർഹിക്കുന്നവർക്കുള്ള വൈകുന്നേരങ്ങളിലെക്ലാസ്സ്

**ജൂലൈ 2025**

- യു.എസ്.എസ്, എൻ.എൻ.എം.എസ് പരിശീലനക്ലാസുകളുടെ തുടക്കം
- ബഷീർ ദിനം
- ന്യൂസ് ലെറ്റർ പ്രകാശനം
- ക്ലാസ് പി.ടി.എ
- എസ്.ആർ.ജി
- ലോക ജനസംഖ്യാദിനം
- മലാലദിനം
- ചാന്ദ്രദിനം
- എ.പി.ജെ. അബ്ദുൾകലാം ഓർമ്മദിനം
- യൂണിറ്റ്ടെസ്റ്റ്

**ആഗസ്റ്റ് 2025**

- ഹിരോഷിമ ദിനം
- നാഗസാക്കി ദിനം
- പി.ടി.എ
- എസ്.ആർ.ജി
- ക്വിറ്റ് ഇന്ത്യദിനം
- സ്വാതന്ത്ര്യദിനം
- ദേശീയ കായിക ദിനം
- ഓണാഘോഷം
- ഒന്നാംപാദവാർഷിക മൂല്യ നിർണ്ണയം

**സെപ്തംബർ 2025**

- ക്ലാസ് പി.ടി.എ
- അദ്ധ്യാപക ദിനം
- ഹിന്ദി ദിനം
- സ്കൂൾ കലാമേള
- സംഘാടകസമിതി രൂപീകരണം
- സ്കൂൾ ശാസ്ത്ര ഗണിത- സാമൂഹ്യശാസ്ത്ര- പ്രവൃത്തിപരിചയമേള
- ഓസോൺ ദിനം

**ഒക്ടോബർ 2025**

- സ്കൂൾ കായിക മേള
- എസ്.ആർ.ജി
- ഗാന്ധിജയന്തി
- ലോക വൃദ്ധ ദിനം
- കായികമേള
- ശാസ്ത്രമേള
- ലോക മാനസികാരോഗ്യദിനം
- ശുചീകരണവാരം
- സ്കൂൾ കലാമേള
- ഐക്യരാഷ്ട്ര സഭാദിനം
- യൂണിറ്റ് ടെസ്റ്റ്

**നവംബർ 2025**

- കേരളപ്പിറവി ദിനം
- എസ്.ആർ.ജി
- ശിശുദിനാഘോഷം
- കലാമേള
- വിദ്യാഭ്യാസ ദിനം
- ഭരണഘടനാദിനം
- യൂണിറ്റ് ടെസ്റ്റ്

**ഡിസംബർ 2025**

- എസ്.ആർ.ജി
- എയ്ഡ്സ് ദിനം
- ഭിന്നശേഷി ദിനം
- മനുഷ്യാവകാശ ദിനം
- രണ്ടാംപാദ വാർഷിക മൂല്യനിർണ്ണയം
- അറബി ഭാഷാ ദിനം
- ശ്രീനിവാസ രാമാനുജൻദിനം

**ജനുവരി 2026**

- പുതുവത്സരദിനം
- എസ്.ആർ.ജി
- പി.ടി.എ
- ക്ലാസ് പി.ടി.എ
- ലോക ഹിന്ദിദിനം
- ദേശീയ ബാലികാ ദിനം
- റിപ്പബ്ലിക് ദിനം
- എസ്.എസ്.എൽ.സി. മോഡൽ പരീക്ഷ സംഘാടക സമിതി

**ഫെബ്രുവരി 2026**

- എസ്.ആർ.ജി
- എസ്.എൽ.സി മോഡൽ പരീക്ഷ
- ലോക വിര വിമുക്ത ദിനം
- എസ്.എസ്.എൽ.സി ഐ.ടി പരീക്ഷ
- സ്കൂൾ വാർഷികാഘോഷം
- ക്ലാസ് ഫോട്ടോ
- ദേശീയ ശാസ്ത്രദിനം
- പഠനോത്സവം

**മാർച്ച് 2026**

- എസ്.ആർ.ജി
- വർഷാന്ത്യമൂല്യനിർണ്ണയം

## മികവിനായി ഏറ്റെടുക്കേണ്ട
# പ്രവർത്തനങ്ങൾ

- മിനി ആഡിറ്റോറിയം
- ബയോഗ്യാസ് പ്ലാന്റ്
- ഡൈനിംഗ്ഹാൾ ഫർണീച്ചറുകൾ
- മൾട്ടിമീഡിയ, ഡിജിറ്റൽ, കമ്പ്യൂട്ടറൈസ്ഡ് ലാംഗ്വേജ് ലാബ്
- ക്ലാസ് റൂം ഫർണീച്ചറുകൾ
- ആർട്ട് ആന്റ് ക്രാഫ്റ്റ് റൂം
- കൂടുതൽ സ്മാർട്ട് ക്ലാസ് മുറികൾ
- കേന്ദ്രീകൃത എയർകണ്ടീഷൻ ചെയ്ത ലൈബ്രറി
- മികച്ച സൗകര്യങ്ങളോട് കൂടിയ പ്രത്യേക ലാബുകൾ
- ആധുനിക സൗകര്യങ്ങളോടുകൂടിയ നീന്തൽക്കുളം, ജിം
- ജലസംരക്ഷണ സംവിധാനങ്ങൾ
- ഓട്ടിസം പാർക്ക്
- മികച്ച സ്പോർട്സ് ഉപകരണങ്ങൾ
- പെൺകുട്ടികൾക്കായി ആത്മരക്ഷാ പരിശീലനം
- ഓട്ടിസം പാർക്ക്
- കാർഷിക സംസ്കാരം വളർത്തൽ
- മികച്ച ഗതാഗത സംവിധാനം
- സിവിൽസർവ്വീസ്, നീറ്റ്, ജെ.ഇ.ഇ തുടങ്ങിയ മത്സരപരീക്ഷകളുടെ പരിശീലന സൗകര്യം

# സമഗ്ര ഗുണമേന്മാ വിദ്യാലയ വികസന പരിപാടി–
# പ്രവർത്തനപദ്ധതികൾ

**UP വിഭാഗം**

**മേഖല:**

## അക്കാദമികം

# സമഗ്ര ഗുണമേന്മാ വിദ്യാലയ വികസന പരിപാടി–
# പ്രവർത്തനപദ്ധതികൾ

**HS വിഭാഗം**

**മേഖല:**

## അക്കാദമികം

# സമഗ്ര ഗുണമേന്മാ വിദ്യാലയ വികസന പരിപാടി– പ്രവർത്തനപദ്ധതികൾ

**UP വിഭാഗം**

**മേഖല: അക്കാദമികം** **ഉപമേഖല: സാമൂഹ്യശാസ്ത്രം**

**പ്രവർത്തനത്തിന്റെ പേര്: സാമൂഹ്യശാസ്ത്രോത്സവം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1. പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കി മാറ്റി യെടുക്കുക. | * കാലഘട്ടചിത്രീകരണം<br>* വെർചൽ ഫീൽഡ്ട്രിപ്പ്<br>* ചരിത്രകഥാകഥനം<br>* റോൾപ്ലേ, ക്വിസ്<br>* ഡോക്യുമെന്ററി<br>* സോഷ്യൽ സയൻസ് ഫെസ്റ്റ് | ജൂൺ | സോഷ്യൽ സയൻസ് അധ്യാപകർ | സോഷ്യൽ സയൻസ് ക്ലബ്ബ് |
| 2. ഭൂമിയുടെ ഘടന പ്രധാനഭൂരൂപങ്ങൾ എന്നിവ തിരിച്ചറിയുകയും പ്രധാനപ്പെട്ട കാലാവസ്ഥാമേഖലകളും പ്രകൃതി പ്രതിഭാസങ്ങളും മനസ്സിലാക്കുകയും ചെയ്യുന്നതിന് | **ശില്പശാല**<br>* ഭൂപടരചന, ഭൂപടവായന<br>* ഭൂരൂപ മാതൃക തയ്യാറാക്കൽ<br>* കാലാവസ്ഥാനിരീക്ഷണം രേഖപ്പെടുത്തൽ<br>* ലഘുപ്രോജക്ട് | ജൂലൈ | സോഷ്യൽ സയൻസ് അധ്യാപകർ | സോഷ്യൽ സയൻസ് ക്ലബ്ബ് |
| 3. ജനാധപിത്യം, സമത്വം നീതി തുടങ്ങിയ ആശയങ്ങൾ മനസ്സിലാക്കുകയും ജനാധിപത്യപരമായ ജീവിതസമീപനം രൂപപ്പെടുത്തിയെടുക്കുക. | **നിയമബോധവൽക്കരണക്ലാസ്**<br>* ക്ലാസ് ഭരണഘടന തയ്യാറാക്കൽ<br>* മൗലികാവകാശങ്ങൾ കടമകൾ, ചാർട്ട് തയ്യാറാക്കൽ<br>* ദേശീയചിഹ്നങ്ങൾ, പ്രോജക്ട്<br>* സ്കൂൾ പരിസരം വൃത്തിയാക്കൽ | അക്കാദമിക വർഷം | സോഷ്യൽ സയൻസ് അധ്യാപകർ | എസ്.എസ് ക്ലബ്ബ് |

| ലക്ഷ്യം | പഠനപ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 4. പ്രകൃതിദുരന്തങ്ങളെക്കുറിച്ച് മനസ്സിലാക്കി രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പഠിതാവിനെ ബോധവാന്മാരാക്കുക. | **പ്രകൃതിതാണ്ഡവം നേർക്കാഴ്ച**<br>* പ്രകൃതിദുരന്തങ്ങളുടെ ഭീതിജനകമായ ദൃശ്യങ്ങളിലൂടെ ദുരന്തങ്ങളുടെ തീവ്രതയെക്കുറിച്ച് കുട്ടികൾക്ക് ധാരണ ഉണ്ടാക്കുന്നു.<br>* ഡെമോൺസ്ട്രേഷൻ ക്ലാസ്സ് | അക്കാദമിക വർഷം | സോഷ്യൽ സയൻസ് അധ്യാപകർ | എക്കോ ക്ലബ്ബ് |
| 5. പാരിസ്ഥിതികബോധം, സഹജീവി സ്നേഹം എന്നിവ വളർത്തിയെടുക്കൽ | **നന്മയുടെ ലോകത്തിലേക്ക്**<br>* പഠനയാത്ര, നിരീക്ഷണഡയറി<br>* പരിസ്ഥിതി സൗഹൃദപ്രവർത്തനങ്ങൽ, ജലസംരക്ഷണം, മൃഗപരിപാലനം,<br>* ഭിന്നശേഷിക്കാരെ സഹായിക്കുക,<br>* ദിനാചരണങ്ങൾ. | എല്ലാ മാസവും | സോഷ്യൽ സയൻസ് അധ്യാപകർ | സോഷ്യൽ സയൻസ് ക്ലബ്ബ് |
| 6. സമൂഹത്തിലെ സമകാലിക പ്രശ്നങ്ങൾ, വെല്ലുവിളികൾ എന്നിവയെക്കുറിച്ച് വിമർശനാത്മകമായി ചിന്തിച്ച് വിശകലനം ചെയ്യാനുള്ള കഴിവ് വളർത്തിയെടുക്കുക. | **പത്രവായന**<br>* ചർച്ചകൾ<br>* ഉപന്യാസരചന<br>* അവലോകനങ്ങൾ | എല്ലാ ദിവസവും | സോഷ്യൽ സയൻസ് അധ്യാപകർ | സോഷ്യൽ സയൻസ് ക്ലബ്ബ് |
| 7. കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമത്തിനായി പ്രവർത്തിക്കാനുള്ള മനോഭാവം വളർത്തുക. | * ലഘുലേഖ തയ്യാറാക്കൽ<br>* സ്പെഷ്യൽ സ്കൂൾ സന്ദർശനം | പാഠഭാഗവുമായി ബന്ധപ്പെട്ട് | സോഷ്യൽ സയൻസ് അധ്യാപകർ | എസ്.എസ് ക്ലബ്ബുകൾ |

**മേഖല: അക്കാദമികം** **ഉപമേഖല: മലയാളം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| 1. ഭാഷാ ശേഷി വികസനം | **എന്റെ അവധിക്കാലം**<br>കുട്ടികൾ അവരുടെ അവധിക്കാല അനുഭവങ്ങൾ (കഥ, യാത്രാനുഭവം, അനുഭവക്കുറിപ്പ്) എന്നീ വ്യവഹാര രൂപങ്ങളിലൂടെ അവതരിപ്പിക്കുന്നു.<br><br>**വാക്കുകളിൽ നിന്ന് വാക്യത്തിലേക്ക്**<br>ചിഹ്നങ്ങളും അക്ഷരങ്ങളും ഉപ യോഗിച്ച് പദങ്ങളും അതുവഴി വാക്യങ്ങളും നിർമ്മിക്കുന്നു. | ജൂൺ ആദ്യ ആഴ്ച<br><br>ജൂൺ ഒന്നാം ആഴ്ച | മലയാളം അധ്യാപകർ<br><br>മലയാളം അധ്യാപകർ | വിദ്യാരംഭം ക്ലാസ് |
| 2. കുട്ടിക ളിൽ വായന ഉറപ്പുവരു ത്തുന്നു | **വാർത്താവായനയിലേക്ക്**<br>കഥാപുസ്തകം, പത്രം എന്നിവ വായിച്ച് ഉച്ചാരണശുദ്ധി ഉറപ്പുവരു ത്തുന്നു. | എല്ലാ ദിവ സവും | മലയാളം അധ്യാപകർ | മലയാളം ക്ലാബ്ബ് |
| 3. സാഹിത്യ കൃതികൾ വായിക്കുന്ന തുവഴി പഠി താക്കളുടെ സർഗശേഷി വളർത്തൽ. | **അഭിമുഖം**<br>സാഹിത്യകാരൻമാർ, എഴുതുകാർ എന്നിവരുമായുള്ള അഭിമുഖ സംഭാ ഷണം സംഘടിപ്പിക്കുന്നു. | വർഷത്തിൽ 3 തവണ | മലയാളം അധ്യാപകർ എച്ച്.എം, പി.ടി.എ, | പി.ടി.എ |
| 4. മലയാളം കമ്പ്യൂട്ടറിംഗ് അറിവുനേടി സർഗാത്മക ശേഷി വിക സിപ്പിക്കുന്നു. | **ഇ-കമ്പ്യൂട്ടറിംഗ്**<br>എല്ലാ കുട്ടികളെയും മലയാളം കമ്പ്യൂട്ടറിംഗ് പരിശീലിപ്പിച്ച ഇ-മാഗ സീൻ പ്രസിദ്ധീകരിക്കുന്നു. രചന കൾ ഉൾപ്പെടുത്തി സ്കൂൾ മാഗ സീൻ തയ്യാറാക്കുന്നു. | 2 വർഷം<br><br>വർഷാവ സാനം | മലയാളം, ഐ.ടി. അധ്യാപകർ | ഐ.ടി ക്ലബ്ബുകൾ |
| 5. പഠിതാക്ക ളുടെ കലാ വാസനകളെ പരിപോഷി പ്പിക്കൽ | **രാഗാവിഷ്കാരം**<br>പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ലഘുനാടകങ്ങൾ ക്ലാസ്സിലും തുടർന്ന് സ്കൂൾ അസംബ്ലിയിലും അവതരിപ്പിക്കുന്നു. | അക്കാദമിക് വർഷം | പി.ടി.എ | പി.ടി.എ |

| ലക്ഷ്യം | പഠനപ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 6. കുട്ടികളുടെ ആകാശവാണി | വിശേഷദിനങ്ങളുമായി ബന്ധപ്പെട്ട പരിപാടികൾ, കവിതാആലാപനം, കഥാപ്രസംഗം, ആസ്വാദനക്കുറിപ്പ് എന്നിവ തയ്യാറാക്കി അവതരിപ്പിക്കുന്നു. | ആഴ്ചയിൽ ഒന്ന് | ക്ലാസ്സ് ലീഡർ, മലയാളം അധ്യാപകർ | വിവിധ ക്ലബ്ബുകൾ |

**മേഖല: അക്കാദമികം** **ഉപമേഖല: ഗണിതം യു.പി. വിഭാഗം**

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലയളവ്** | **ചുമതല** | **സാമ്പത്തികം** |
|---|---|---|---|---|
| 1. ഗണിതശാസ്ത്രത്തിന്റെ അടിസ്ഥാനക്രിയകൾ സ്വായത്തമാക്കുക. | * പഠനനിലവാരം കണ്ടെത്തുക * പ്രീടെസ്റ്റ് നടത്തി കണ്ടെത്തുക<br>* പരിമിതികൾ കണ്ടെത്തി പഠനപ്രവർത്തന പാക്കേജുകൾ തയ്യാറാക്കുക.<br>* കളിരീതിയിലുടെ അടിസ്ഥാനക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. | 1 മാസം | ഗണിത അധ്യാപകർ. | |
| 2. ആധുനിക ശാസ്ത്രസാങ്കേതിക വിദ്യാസാധ്യതകൾ ഗണിതപഠനത്തിനായി പ്രയോജനപ്പെടുത്തുന്നു. | **ഐ.ടി സാധ്യതകളിലൂടെ**<br>* ജ്യാമിതീയ രൂപങ്ങൾ, ചതുഷ്ക്രിയകൾ പോലുള്ള പ്രവർത്തനങ്ങൾ, കോൺ എന്ന ആശയം ഐ.ടി സാധ്യകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് കുട്ടികളിലേക്ക് എത്തിക്കാൻ സാധിക്കുന്നു. | മാസത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ | പി.ടി.എ |
| 3. ഗണിതമേഖലയിൽ കുട്ടികളുടെ താല്പര്യം വർദ്ധിപ്പിക്കൽ. | ഗണിതഅസംബ്ലി, ഗണിതപതിപ്പുകൾ, ചാർട്ടുകൾ, മാഗസീൻ മോഡലുകൾ, ജ്യാമിതീയ രൂപങ്ങ1ളുടെ നിർമ്മാണം, ഗണിതക്വിസ് എന്നീ പ്രവർത്തനങ്ങൾ നൽകുന്നു. | വർഷത്തിൽ അഞ്ചോ ആറോ തവണ | ഗണിതഅധ്യാപകർ, ക്ലബ്ബ് ലീഡർമാർ | പി.ടി.എ |
| 4. ഗണിതത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിലെത്തിക്കുന്നു. | **ഗണിത ക്ലീനിക്ക്**<br>ഗണിതത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി, ഗണിത അധ്യാപകരും മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നു. പോരായ്മകൾ കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു. | ആഴ്ചയിൽ ഒരുദിവസം | ഗണിത അധ്യാപകർ, സമർത്ഥരായ കുട്ടികൾ | മാത്സ് ക്ലബ്ബ് |

| ലക്ഷ്യം | പഠനപ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 5. വിവിധ ശേഷി കളുടെ വികസ നം. | **ദിനാചരണം**<br>ജൂൺമുതൽ മാർച്ചുവരെ ദിനാ ചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ എസ്.ആർ.ജിയിൽ രൂപപ്പെടു ത്തുന്നു. നിശ്ചിത ദിവസങ്ങ ളിൽ അവ സംഘടിപ്പിക്കുന്നു. | ആവശ്യാനു സരണം. | എസ്.ആർ.ജി. | മാത്സ് ക്ലബ്ബ് |

**മേഖല: അക്കാദമികം** **ഉപമേഖല: സയൻസ് യു.പി. വിഭാഗം**

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലയളവ്** | **ചുമതല** | **സാമ്പത്തികം** |
|---|---|---|---|---|
| 1. ജീവിതസാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | **ജൈവവൈവിധ്യപാർക്ക്**<br>ഔഷധത്തോട്ടം, പച്ചക്കറിത്തോട്ടം, ശലഭോദ്യാനം, ജൈവവേലി, മുളകൾ കൊണ്ടുള്ള ഇരിപ്പിടങ്ങൾ എന്നിവ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ജൈവവൈവിധ്യപാർക്ക് നിർമ്മാണം | അക്കാദമിക വർഷം | ശാസ്ത്ര അധ്യാപകർ | സയൻസ് ക്ലബ്ബ്, പി.ടി.എ |
| | **കണ്ടറിയാനൊരു യാത്ര**<br>വംശനാശഭീഷണിനേരിടുന്ന സസ്യങ്ങളെ കണ്ടെത്തൽ ജൈവവൈവിധ്യ രജിസ്റ്റർ നിർമ്മാണം, കാവുകൾ സന്ദർശനം, കണ്ടൽക്കാട് നിരീക്ഷണം | ജൂലൈ | ശാസ്ത്ര അധ്യാപകർ | |
| | **പരീക്ഷണക്കളരി**<br>നിത്യജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി ലഘുപരീക്ഷണങ്ങളിലൂടെ ശാസ്ത്രക്ലാസ് ആരംഭിക്കുന്നു. | ജൂൺമുതൽ | ശാസ്ത്ര അധ്യാപകർ | |
| 2. ശാസ്ത്രപ്രക്രിയാശേഷി വികസിപ്പിക്കുക | **എക്സ്പോ**<br>ആധുനിക ശാസ്ത്രലോകത്തിന്റെ വിവിധ കണ്ടെത്തലുകൾ ഉൾപ്പെടുത്തി സ്കൂൾ തല ശാസ്ത്രോത്സവം സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്ര അധ്യാപകർ | പി.ടി.എ |

| ലക്ഷ്യം | പഠനപ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| 3. ശാസ്ത്രരംഗത്തെ നൂതന ആശയങ്ങൾ ആധുനിക ശാസ്ത്രസാങ്കേതികവിദ്യയുടെ സാധ്യതകളുമായി ബന്ധപ്പെടുത്തി ശാസ്ത്രപഠനത്തിനായി പ്രയോജനപ്പെടുത്തുക. | **വിസ്മയയാത്ര**<br>ഐസിറ്റി സഹായത്തോടെ ശാസ്ത്രവിസ്മയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നു. പുതിയ കണ്ടെത്തലുകൾ, ശാസ്ത്രസത്യങ്ങൾ, ശാസ്ത്രകാരന്മാരുടെ ജീവചരിത്രങ്ങൾ പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട കൂടുതൽ അറിവുകൾ എന്നിവയുടെ വീഡിയോ പ്രദർശനം. | അക്കാദമിക വർഷം | ശാസ്ത്ര അധ്യാപകർ | സയൻസ് ക്ലബ്ബ്, |

**മേഖല: അക്കാദമികം** **ഉപമേഖല: ഹിന്ദി യു.പി. വിഭാഗം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | സാമ്പത്തികം |
|---|---|---|---|---|
| 1. യു.പി. തലത്തിലെ എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പിക്കൽ | * അക്ഷരം എഴുത്ത്<br>* ചിഹ്നം ഉറപ്പിക്കൽ<br>* അക്ഷരകാർഡ്, വാക്കുകൾ എഴുതിയ കാർഡ്<br>* ക്ലാസ്സിൽ അക്ഷരമാല പ്രദർശനം<br>* ഓൺലൈൻ അക്ഷരമാല കളികൾ<br>* വാക്കുകൾ എഴുതിയ കാർഡുകൾ<br>* വാക്കുകൾ നിർമ്മാണം<br>* (എച്ച്.എസ്.വിഭാഗത്തിലെ പിന്നോക്കാവസ്ഥയിലുള്ള കുട്ടികളിൽ പ്രീ-ടെസ്റ്റ് നടത്തി, മുകളിലെ പ്രവർത്തനങ്ങൾ നടപ്പാക്കാം.) | ജൂൺ-ആഗസ്റ്റ് | അക്ഷരചാർട്ട് പാഠപുസ്തകം | BRC<br>DIET<br>SCERT<br>Resource Teacher |
| 2. വീട് ഒരു പരീക്ഷണശാല (കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേര് ഹിന്ദിയിൽ പഠിക്കുക.) | * വീട്ടിൽ ഉപയോഗിക്കുന്ന ഗൃഹോപകരണങ്ങൾ ഉൾപ്പെടെയുള്ള വസ്തുക്കളുടെ പട്ടിക ഹിന്ദിയിൽ തയ്യാറാക്കുക.<br>* ഐസിറ്റി സഹായത്തിലൂടെ വസ്തുക്കളും വാക്കുകളും പരിശീലിക്കാനുള്ള അവസരം<br>* സി.ഡബ്ലിയൂ.എസ്.എൻ. കുട്ടികളുടെ പങ്കാളിത്തം | സെപ്തംബർ-ഒക്ടോബർ | ഹിന്ദി നിഘണ്ടു | PTA, BRC<br>Resource Teacher |

| ലക്ഷ്യം | പഠനപ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 3. ആശയങ്ങൾ തെറ്റുകൂടാതെ പ്രകടിപ്പിക്കാനും സർഗാത്മകരചന കൾ വികസിപ്പി ക്കാനുമുള്ള അവ സരം (സുരീലി ഹിന്ദി) | * ഹിന്ദി അസംബ്ലി<br>* ദിനാചരണങ്ങൾ (പ്രത്യേകിച്ച് സെപ്തം ബർ 14, ജനുവരി 10)<br>* ക്ലാസ് ലൈബ്രറി<br>* അധികവായന സാമ ഗ്രികൾ<br>* ചിത്ര സഹായത്തോടെ ചിത്രകഥ തയ്യാറാക്കൽ<br>* ചിത്രം- അടിക്കുറിപ്പ്<br>* ചിത്രം- കഥപറയൽ<br>* ചിത്രം- കഥ എഴുതൽ<br>* കഥ ബാക്കി എഴുതൽ<br>* വായന മൂല<br>* ഹിന്ദി ക്ലബ്ബ് പ്രവർത്ത നങ്ങൾ | നവംബർ- ഫെബ്രു വരി | പുസ്തകങ്ങൾ | BRC<br>DIET<br>PTA<br>SCERT |

**മേഖല: അക്കാദമികം** **ഉപമേഖല: ഇംഗ്ലീഷ് യു.പി. വിഭാഗം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1. ശരിയായി ഇംഗ്ലീഷ് ശ്രവിക്കാനും സംസാരിക്കുവാനും അവസരം ഒരുക്കുന്നു. | **Follow Me you can!** ഇംഗ്ലീഷിൽ നൽകുന്ന നിർദ്ദേശങ്ങൾക്കനുസരിച്ച് പ്രവർത്തിക്കാനുള്ള പരിശീലനം നൽകുന്നു. | ജൂൺ | ഇംഗ്ലീഷ് അധ്യാപകർ | |
| | **Breaking News** ഇംഗ്ലീഷ് റേഡിയോ വാർത്തകൾ റെക്കോർഡ് ചെയ്തു കേൾപ്പിക്കുന്നു. ശരിയായ ഉച്ചാരണം ശ്രവിക്കാൻ അവസരം നൽകുന്നു. | നവംബർ | ഇംഗ്ലീഷ് അധ്യാപകർ | ഇംഗ്ലീഷ് ക്ലബ്ബ് |
| | **Treasure Hunt** വ്യത്യസ്തമായ വസ്തുക്കൾ ഉപയോഗിച്ച് അറകളാക്കുന്നു.ഓരോ അറകൾക്കും നമ്പർ നൽകി നറുക്കെടുപ്പിലൂടെ ലഭിക്കുന്ന വസ്തുവിനെക്കുറിച്ച് വർണ്ണിക്കുന്നു. വസ്തു ഏതെന്ന് മറ്റുകുട്ടികൾ തിരിച്ചറിയുന്നു. | ആഗസ്റ്റ് | ഇംഗ്ലീഷ് അധ്യാപകർ | |
| | **One Man Show** ആശയം നൽകി ഇംഗ്ലീഷിൽ ഏകാഭിനയത്തിന് പ്രോത്സാഹനം നൽകുന്നു. | ഒക്ടോബർ | ഇംഗ്ലീഷ് അധ്യാപകർ | |
| 2. ഭാവനാത്മക വായന പരിശീലിക്കുന്നു. | **I Too can** വ്യത്യസ്ത തലങ്ങളിലായി വിവിധ വായനാകാർഡുകൾ ക്രമീകരിക്കുന്നു. തെറ്റുകൂടാതെ വായിക്കാൻ അവസരം നൽകുന്നു. (ലളിതമായതിൽ നിന്ന് സങ്കീർണ്ണമായതിലേക്ക്) | ജൂലൈ | ഇംഗ്ലീഷ് അധ്യാപകർ | ഇംഗ്ലീഷ് ക്ലബ്ബ് |

| ലക്ഷ്യം | പഠനപ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| | പത്രത്തിലെ വാർത്തകൾ വായിച്ച് അവതരിപ്പി ക്കാൻ അവസരം നൽകുന്നു.<br>വായനാമത്സരം ഒരു ക്കുന്നു<br>പ്രോത്സാഹനങ്ങൾ നൽകുന്നു.<br>**Role play, skit**<br>റോൾപ്ലേ, സ്കിറ്റ് എന്നിവ തയ്യാറാക്കി അവതരിപ്പിക്കാൻ അവ സരം നൽകുന്നു.<br>**English Assembly**<br>സ്കൂളിൽ ഇംഗ്ലീഷ് അസംബ്ലി നടത്തുന്നു. ഈശ്വരപ്രാർത്ഥന, ഇന്നത്തെ ചിന്താവിഷ യം, പ്രശസ്ത വാക്യ ങ്ങൾ, കവിത തുടങ്ങിവ അസംബ്ലിയിൽ ഉൾപ്പെടു ത്തുന്നു. | മാസം തോറും<br>മാസംതോറും<br>സെപ്തംബർ<br>ടേമിൽ ഒരു തവണ | ഇംഗ്ലീഷ് അധ്യാപകർ<br>ഇംഗ്ലീഷ് അധ്യാപകർ<br>ഇംഗ്ലീഷ് അധ്യാപകർ<br>ഇംഗ്ലീഷ് അധ്യാപകർ | |
| 3. തെറ്റുകൂടാതെ ഇംഗ്ലീഷ് എഴു താൻ പ്രാപ്തരാ ക്കുന്നു. | **ഇംഗ്ലീഷ് ശില്പശാല**<br>കുട്ടികൾ അവരുടെ സ്വന്തം രചനകൾ (ചിത്ര ങ്ങൾ, കാർട്ടൂൺ, ഓർമ്മ ക്കുറിപ്പ്, കവിതകൾ) ശില്പശാലയിൽ പ്രദർശിപ്പിക്കുന്നു.<br>പോസ്റ്ററുകൾ, സൂചനാ ബോർഡുകൾ, നോട്ടീ സുകൾ എന്നിവ സ്കൂൾ പരിസരങ്ങളിലും ക്ലാസ് മുറികളിലും പ്രദർശിപ്പി ക്കുന്നു.<br>**Run baby run**<br>ക്ലാസ്സിനെ ഗ്രൂപ്പുകളാക്കു ന്നു. ചാർട്ടിലെഴുതി പ്രദർശിപ്പിച്ച വാക്കുകൾ ഒരു പ്രാവശ്യം വായിച്ച | ജനുവരി<br>ദിനാചരണ ങ്ങളിൽ<br>ഫെബ്രു വരി | ഇംഗ്ലീഷ് അധ്യാപകർ<br>ഇംഗ്ലീഷ് അധ്യാപകർ | ഇംഗ്ലീഷ് ക്ലബ്ബ് |

| ലക്ഷ്യം | പഠനപ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| | തിനുശേഷം മറ്റൊരു ചാർട്ടിലേക്ക് തെറ്റുകൂടാതെ എഴുതുന്നു. ഏറ്റവും ആദ്യം വാക്യങ്ങൾ തെറ്റുകൂടാതെ എഴുതിയ ഗ്രൂപ്പിനെ വിജയിയായി പ്രഖ്യാപിക്കുന്നു. | വർഷാവസാനം | ഇംഗ്ലീഷ് അധ്യാപകർ | |
| 4. ഇംഗ്ലീഷ്ഭാഷയോടുള്ള ആത്മവിശ്വാസം ഉയർത്തുന്നു. | **വിവിധ മത്സരങ്ങൾ** കഥാരചന, കവിതാരചന, പദ്യപാരായണം, കഥാവതരണം തുടങ്ങിയ മത്സരങ്ങൾ നടത്തുന്നു. മെച്ചപ്പെട്ടവയ്ക്ക് സമ്മാനങ്ങൾ നൽകുന്നു. | | ഇംഗ്ലീഷ് അധ്യാപകർ | ഇംഗ്ലീഷ് ക്ലബ്ബ് |

# സമഗ്ര ഗുണമേന്മാ വിദ്യാലയ വികസന പരിപാടി– പ്രവർത്തനപദ്ധതികൾ

**HS വിഭാഗം**

**മേഖല: അക്കാദമികം** **ഉപമേഖല: ഫിസിക്കൽ സയൻസ്**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1. കൗതുകം, ജിജ്ഞാസ, നിരീക്ഷണപാടവം എന്നിവ പരിപോഷിപ്പിക്കുക. | ● ലഘുപരീക്ഷണങ്ങൾ സഹപാഠികൾക്ക് മുന്നിൽ കുട്ടികൾ തന്നെ കാണിച്ചു കൊടുക്കുവാൻ അവസരം നൽകുന്നു. മോഡലുകൾ നിർമ്മിക്കുവാൻ ആവശ്യമായ കാര്യങ്ങൾ പറഞ്ഞുകൊടുത്ത് കുട്ടികളെ കൊണ്ട് മോഡൽ നിർമ്മിക്കുന്നു.<br>● പാഠങ്ങളുമായി ബന്ധപ്പെട്ട് വസ്തുക്കളുടെ പ്രദർശനം<br>● ക്ലാസ്സുകളിൽ ലഘുപ്രോജക്ട് കൊടുത്ത് മെച്ചപ്പെട്ടത് സ്കൂളിൽ അവതരിപ്പിക്കുന്നു. | അക്കാദമിക വർഷം<br>അക്കാദമിക വർഷം<br>അക്കാദമിക വർഷം 1 തവണ | സയൻസ് അധ്യാപകർ<br>സയൻസ് അധ്യാപകർ<br>സയൻസ് അധ്യാപകർ | പി.ടി.എ |
| 2. ശാസ്ത്ര ലോകത്തേയ്ക്ക് നിരന്തരമായി അന്വേഷണം നടത്തുകയും ലഭിച്ചവിവരങ്ങൾ വിശകലനം ചെയ്യാനുള്ള ശേഷി നേടുകയും ചെയ്യുന്നു. | ക്ലാസ്സുകളിൽ സെമിനാർ പേപ്പറുകൾ അവതരിപ്പിച്ച് മെച്ചപ്പെട്ടത് പൊതുവേദിയിൽ അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു.<br>വർഷത്തിൽ ഒരുപ്രാവശ്യം കുട്ടികൾ ഉണ്ടാക്കിയ വസ്തുക്കൾ പ്രദർശിപ്പിക്കാൻ അവസരം നൽകുന്നു.<br>ശാസ്ത്രശില്പശാലകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം 1 തവണ | സയൻസ് അധ്യാപകർ | സയൻസ് ക്ലബ്ബ് |

| ലക്ഷ്യം | പഠനപ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 3. ഹൈടെക് വേൾഡ് മാനവികതയിൽ ഊന്നിയ ശാസ്ത്രബോധം വളർത്തുക. | ക്ലാസ്സുകളിൽ ശാസ്ത്രലൈബ്രറി ശാസ്ത്രമാസിക പ്രസിദ്ധീകരണം<br>സയൻസ് ലാബ്, ഐ.ടി ലാബ് എന്നിവ ആധുനികവൽക്കരിക്കുന്നു. | 1 തവണ<br>അക്കാദമിക വർഷം | സയൻസ് അധ്യാപകർ<br>ക്ലബ്ബ്ചുമതലയുള്ള അധ്യാപകർ | സയൻസ് ക്ലബ്ബ്,<br>ഐ.ടി. ക്ലബ്ബ് |
| 4. പരിസ്ഥിതി സൗഹൃദമനോഭാവം വളർത്തുക | ഉപയോഗശൂന്യമായി പരിസ്ഥിതിയിലേക്ക് വലിച്ചെറിയുന്ന വസ്തുക്കളിൽ നിന്നും പരിസ്ഥിതി സൗഹൃദ ഉൽപ്പന്നങ്ങൾ നിർമ്മിക്കുക. | പരിസ്ഥിതി ദിനം | ക്ലാസ് അധ്യാപകർ | സയൻസ് ക്ലബ്ബ് |
| 5. വൈജ്ഞാനിക ബഹിർസ്ഫുരണം അന്വേഷണതൃഷ്ണ വർദ്ധിപ്പിക്കൽ, നേരറിവ് നേടൽ | സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധിത ക്യാമ്പസ്<br>പുതുപുത്തൻ സാങ്കേതിക വിദ്യയും പുത്തൻ കണ്ടെത്തലുകളും പരിചയപ്പെടുത്തുന്നു.<br>സംസ്ഥാന ദേശീയതലത്തിലുള്ള ക്വിസ്, സെമിനാർ, പ്രോജക്ട് മുതലായവയിൽ പങ്കെടുക്കുന്നു.<br>ശാസ്ത്രകാരന്മാരുമായി സംവദിക്കൽ. | അക്കാദമിക വർഷം | ഹരിതക്ലബ്ബ്, സയൻസ് ക്ലബ്ബ് | പി.ടി.എ |
| 6. കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്തൽ | സ്കൂൾതല സയൻസ് എക്സിബിഷൻ<br>ഗവേഷണാത്മക പ്രോജക്ട് ഏറ്റെടുത്തുള്ള പഠനം, സർവേ, അഭിമുഖം, നിരീക്ഷണം. | വർഷത്തിൽ ഒരുതവണ<br>ആവശ്യമുള്ള സന്ദർഭങ്ങളിൽ | സയൻസ്ക്ലബ്ബ്<br>സയൻസ്ക്ലബ്ബ് | പി.ടി.എ |
| 7. ശാസ്ത്രമേളകളിൽ പൂർണ്ണപങ്കാളിത്തം ഉറപ്പുവരുത്തൽ | മേളകളിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് പരമാവധി പ്രോത്സാഹനം നൽകൽ. | 1 വർഷത്തിൽ 3 മാസം | സയൻസ്ക്ലബ്ബ് | പി.ടി.എ |

| ലക്ഷ്യം | പഠനപ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 8. ശാസ്ത്രലാബിനെ കാലാനുസൃതമായി നവീകരിക്കൽ | ഫിസിക്സ്, കെമിസ്ട്രി, ബയോളജി വിഷയങ്ങളുമായി ബന്ധപ്പെട്ട ഉപകരണങ്ങളും മറ്റുസാമഗ്രികളും പ്രത്യേകം പ്രത്യേകം സജ്ജീകരിക്കൽ. | ജനുവരി മുതൽ 1 മാസം | സയൻസ് അധ്യാപകർ | |
| 9. പാരമ്പര്യേതര ഊർജ്ജസ്രോതസ്സുകളെ ഉപയോഗപ്പെടുത്തൽ. | സ്കൂൾ കെട്ടിടത്തിന് മുകളിൽ സൗരോർജ്ജം പാനൽ സ്ഥാപിച്ച് സ്കൂളിനാവശ്യമായ വൈദ്യുതി ലഭ്യമാക്കൽ. | 1 വർഷം | പി.ടി.എ | 5,00,000 എം.എൽ.എ/ എം.പി.ഫണ്ട് |
| 11. ശാസ്തപതിപ്പ് തയ്യാറാക്കൽ | കുട്ടികൾ തയ്യാറാക്കുന്ന ശാസ്ത്രസംബന്ധമായ അറിവുകൾ, ലേഖനങ്ങൾ, കവിതകൾ തുടങ്ങിയവ ഉപയോഗപ്പെടുത്തി ശാസ്ത്രപതിപ്പ് തയ്യാറാക്കൽ | 6 മാസത്തിലൊരിക്കൽ | | |
| 12. ചോദ്യപേപ്പർ ശില്പശാല സംഘടിപ്പിക്കൽ, സമഗ്രയിൽ ചേർക്കൽ | തെരഞ്ഞെടുക്കപ്പെട്ട കുട്ടികളെ ഉപയോഗപ്പെടുത്തി ചോദ്യപേപ്പർ ശില്പശാല സംഘടിപ്പിച്ച് ചോദ്യശേഖരം തയ്യാറാക്കൽ. | 3 മാസം | എസ്.ആർ.ജി.<br>സയൻസ് അധ്യാപകർ | 1000/ പി.ടി.എ |

മേഖല: അക്കാദമികം                                                    ഉപമേഖല: ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1. വായനയും ആശയവിനിമയ ശേഷിയും വർദ്ധിപ്പിക്കുക. | My reading Journal വായിച്ച പുസ്തകങ്ങളെക്കുറിച്ച് ഇഷ്ടപ്പെട്ട വരികൾ എന്നിവ എഴുതി സൂക്ഷിക്കുന്നു. | ക്ലാസ്റൂം പ്രവർത്തനങ്ങളോടൊപ്പം | ക്ലാസ് അധ്യാപകർ | |
| 2. Real life conversation practice ചെയ്യുക | Role-play | | | ഇംഗ്ലീഷ് ക്ലബ്ബ് |
| 3. writing, editing, teamwork എന്നിവ പ്രോത്സാഹിപ്പിക്കുക | class news paper | മാസത്തിൽ ഒന്ന് | ഇംഗ്ലീഷ് അധ്യാപകർ | ഇംഗ്ലീഷ് ക്ലബ്ബ് |
| 4. spoken skill teamwork എന്നിവ മെച്ചപ്പെടുത്തുക | English skit or drama | വർഷത്തിൽ രണ്ടുപ്രാവശ്യം | എസ്.ആർ.ജി, ഇംഗ്ലീഷ് അധ്യാപകർ | |
| 5. writing skill വികസിപ്പിക്കുക | Pen pal project | വർഷത്തിൽ ഒന്ന് | ഇംഗ്ലീഷ് ക്ലബ്ബ് | ഇംഗ്ലീഷ് ക്ലബ്ബ് |
| 6 spoken skill വർദ്ധിപ്പിക്കുക | Book talk കുട്ടികൾ വായിച്ച കഥകൾ, കഥാപാത്രങ്ങൾ എന്നിവയെക്കുറിച്ച് വിവരണം നൽകുകയും അവതരിപ്പിക്കുകയും ചെയ്യുന്നു. | വർഷത്തിൽ 3 തവണ | ഇംഗ്ലീഷ് അധ്യാപകർ | എസ്.ആർ.ജി |
| 7. Argument skill, formal language logical reading എന്നിവ വർദ്ധിപ്പിക്കുക | Debate club | മാസം തോറു | ഇംഗ്ലീഷ് അധ്യാപകർ | |

| ലക്ഷ്യം | പഠനപ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 8. | 5, 10 മിനിട്ട് ദൈർഘ്യമുള്ള റേഡിയോ പ്രോഗ്രാം തയ്യാറാക്കുന്നു.<br>ഉദാ: ന്യൂസ്, ഇന്റർവ്യൂ, പരസ്യം എന്നിവ റിക്കോർഡ് ചെയ്ത് അവതരിപ്പിക്കുന്നു. | ആഴ്ചയിൽ ഒന്ന് | ഇംഗ്ലീഷ് അധ്യാപകർ | ഇംഗ്ലീഷ് ക്ലബ്ബ് |
| 9. | Documentary & Report<br>ഏതെങ്കിലും പ്രാധാന്യമുള്ള വിഷയത്തെക്കുറിച്ച് റിപ്പോർട്ട് തയ്യാറാക്കി മിനി-ഡോക്യുമെന്ററി അവതരിപ്പിക്കുന്നു. | വർഷത്തിൽ ഒന്ന് | ഇംഗ്ലീഷ് ക്ലബ്ബ് | പി.ടി.എ<br>ഇംഗ്ലീഷ് ക്ലബ്ബ് |
| 10. writing speaking& editing skill എന്നിവ വർദ്ധിപ്പിക്കുക | Creative Podcast<br>students record podcast episode on a topic | വർഷത്തിൽ ഒന്ന് | ക്ലാസ് ടീച്ചേഴ്സ്<br>ഇംഗ്ലീഷ് അധ്യാപകർ | ഇംഗ്ലീഷ് ക്ലബ്ബ്, എസ് ആർ.ജി |
| 11. Public speaking& idea presentation വർദ്ധിപ്പിക്കുക. | കുട്ടികൾ മിനിട്ടുള്ള TED style talk അവതരിപ്പിച്ച് റിക്കോർഡ് ചെയ്യുന്നു. | വർഷത്തിൽ 2 തവണ | ഇംഗ്ലീഷ് ക്ലബ്ബ് | ഇംഗ്ലീഷ് ക്ലബ്ബ്, എസ്. ആർ.ജി |
| 12. ചോദ്യങ്ങൾ ചോദിക്കാനും ഇന്റർവ്യൂ ചെയ്യാനുമുള്ള കഴിവ് വർദ്ധിപ്പിക്കുക. | Interview Quistions തയ്യാറാക്കി മോക്ക് ഇന്റർവ്യൂ സംഘടിപ്പിക്കുന്നു. | | | പി.ടി.എ,<br>എസ്. ആർ.ജി |
| 13. ഡയലോഗ്, സ്ക്രിപ്റ്റ് എന്നിവ തയ്യാറാക്കാനുള്ള ശേഷി വർദ്ധിപ്പിക്കുക. | short film<br>script writing | | | എസ്. ആർ.ജി<br>പി.ടി.എ |

| ലക്ഷ്യം | പഠനപ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 14. | Live panel discussion കുട്ടികൾ expects ആയി അവതരിപ്പിക്കുന്നു. | | | ഇംഗ്ലീഷ് ക്ലബ്ബ് |
| 15 ഉച്ചാരണവും ശബ്ദനിയന്ത്രണവും | Audio-book recording ഒരു ചെറുകഥ വായിച്ച് റിക്കോർഡ് ചെയ്യുക. | | | ഇംഗ്ലീഷ് ക്ലബ്ബ്, എസ് ആർ.ജി |
| 16. സാങ്കേതികവിദ്യാ സാധ്യതകൾ ഇംഗ്ലീഷ് ഭാഷാ വികസനത്തിന് പ്രയോജനപ്പെടുത്തുക. | പ്രശസ്ത എഴുത്തുകാർ, നിരൂപകർ, വിവിധമേഖലയിലെ പ്രശസ്തവ്യക്തികൾ എന്നിവരുമായി അഭിമുഖം. | | | ഇംഗ്ലീഷ് ക്ലബ്ബ്, എസ് ആർ.ജി |
| 17. fluency എന്നിവ വർദ്ധി | spoken english class | | ഇംഗ്ലീഷ് അധ്യാപകർ | പി.ടി.എ, എസ് ആർ.ജി |

**മേഖല: അക്കാദമികം** **ഉപമേഖല: ബയോളജി**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1. കുട്ടികളിൽ ശാസ്ത്ര അഭിരുചിവളർത്തൽ | * സ്കൂൾതല സയൻസ് എക്സിബിഷൻ<br>* ലളിതമായ പരീക്ഷണങ്ങളുടെ അവതരണം<br>* ശാസ്ത്രമാസിക, പതിപ്പ് തയ്യാറാക്കൽ | വർഷത്തിൽ 1 തവണ | സയൻസ് ക്ലബ്ബ്, സയൻസ് അധ്യാപകർ | |
| 2. ലാബ് നവീകരണം | * ശാസ്ത്രലാബിനെ കാലാസൃണമായി നവീകരിക്കൽ<br>* ബയോളജിവിഷയങ്ങളുമായി ബന്ധപ്പെട്ട ഉപകരണങ്ങൾ, സാമഗ്രികൾ ഇവ പ്രത്യേകം സജ്ജീകരിക്കൽ. | ജൂൺ ജൂലൈ | സയൻസ് അധ്യാപകർ | |
| 3. പഠനവിന്നോക്കാവസ്ഥയിലുള്ള കുട്ടികൾക്ക് പരിശീലനം | * അധ്യാപകൻ-കുട്ടി, പ്രീ-ഗ്രൂപ്പ് എന്നിങ്ങനെ പരിശീലനം നൽകൽ. | മാസത്തിൽ 2 പ്രാവശ്യം | എസ്.ആർ.ജി, സയൻസ് അധ്യാപകർ | |
| 4. ദിനാചരണങ്ങൾ ശക്തിപ്പെടുത്തൽ | * സയൻസ് വിഷയവുമായി ബന്ധപ്പെട്ട ദിനങ്ങൾ ആചരിക്കാൻ കുട്ടികളെ തയ്യാറാക്കൽ (പോസ്റ്റർ, ക്വിസ്, ചിത്രരചന, പ്ലക്കാർഡ് നിർമ്മാണം) | വർഷം മുഴുവൻ | സയൻസ് അധ്യാപകർ | |
| 5. ജൈവവൈവിധ്യ പാർക്ക് വിപുലപ്പെടുത്തൽ, ജൈവപന്തൽ ഒരുക്കൽ | സ്കൂൾ തന്നെ പാഠപുസ്തകം എന്ന ആശയം പ്രാവർത്തികമാക്കി ജൈവ വേവിധ്യപാർക്ക് വിപുലപ്പെടുത്തൽ, വള്ളിപ്പടർപ്പ് കൊണ്ടു ജൈവപന്തൽ ഒരുക്കൽ, ശലഭപാർക്ക് നിർമ്മാണം തുടങ്ങിയവ. | 3 മാസം | ഇക്കോ ക്ലാസ് സയൻസ് അധ്യാപകർ | പി.ടി.എ 2000/- |

| ലക്ഷ്യം | പഠനപ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 6. ആരോഗ്യ സംരക്ഷണം | കുട്ടികളിലെ വിവിധ പ്രശ്ന ങ്ങൾ കണ്ടെത്തി പരിഹാരം കാണാൻ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിക്കും. | വർഷ ത്തിൽ 1 തവണ | ഹെൽത്ത് ക്ലബ്ബ്, സയൻസ് അധ്യാപ കർ | പി.ടി.എ 2000/- |

# പൊതുവായ ലക്ഷ്യങ്ങൾ

1. ശുദ്ധമായ ഹിന്ദിഭാഷയിൽ വായിക്കുകയും എഴുതുകയും ചെയ്യാനുള്ള കഴിവ് വികസിപ്പിക്കുക.

2. ശ്രവണ (കേൾവിയിലൂടെ ഗ്രഹിക്കാനുള്ള കഴിവ് വളർത്തുക)

3. മനോഭാവം പ്രകടിപ്പിക്കാൻ (ചിന്തകളും, അനുഭവങ്ങളും) പങ്കുവയ്ക്കാൻ കുട്ടിയെ പ്രാപ്തനാക്കുക (ഹിന്ദി ഭാഷയിൽ)

4. ഹിന്ദി സാഹിത്യത്തിലെ വിവിധ കൃതികൾ വായിച്ച് സാഹിത്യാഭിരുചിയും, മൂല്യബോധവും വികസിപ്പിക്കുക.

5. വിഭിന്നഭാഷാഗത ഘടകങ്ങൾ (വ്യാകരണം, ശൈലി, ഉപമകൾ തിരിച്ചറിയാൻ പരിശീലനം നൽകുക)

6. രചനാശേഷി വളർത്തുക.

7. സാമൂഹിക, സാംസ്കാരിക, മതപരമായ ഐക്യവും മൂല്യബോധവും വളർത്തുക (ഹിന്ദി മാധ്യമത്തിലൂടെ ഇന്ത്യയുടെയും ലോകത്തിലെയും സാംസ്കാരിക വൈവിധ്യം പരിചയപ്പെടുത്തുക)

8. ദിനാചരണങ്ങളിൽ ഹിന്ദി ഭാഷയുമായി ബന്ധപ്പെട്ടുള്ള പ്രവർത്തനങ്ങൾ നൽകുന്നു.

9. സർഗാത്മകതയെ പ്രോത്സാഹിപ്പിക്കുന്നു.

10. കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തി കൈയെഴുത്തു മാസികകൾ പോസ്റ്ററുകൾ, പ്ലക്കാർഡുകൾ തുടങ്ങിയവ നിർമ്മിക്കാൻ പരിശീലനം നൽകുന്നു.

11. ഓരോ യൂണിറ്റിലും ലഭിക്കേണ്ട പഠനനേട്ടങ്ങൾ എല്ലാ കുട്ടികളും അവന്റെ കഴിവ് അനുസരിച്ച് നേടി എന്ന് ഉറപ്പാക്കുക

12. ഭിന്നശേഷി കുട്ടികൾക്ക് അനുയോജ്യമായ പഠനപ്രവർത്തനങ്ങൾ നൽകി പ്രാപ്തരാക്കുന്നു.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | | സാമ്പത്തികം |
|---|---|---|---|---|
| 1. എല്ലാകുട്ടികൾക്കും ഹിന്ദി ഭാഷാഅനായാസം വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കൽ | അക്ഷരം, ചിഹ്നം തുടങ്ങിയവയുടെ ചാർട്ടുകൾ തയ്യാറാക്കുക. ഇവ ക്ലാസ്സിൽ പ്രദർശിപ്പിക്കുക, ഓഡിയോ വിഷ്വൽ സഹായത്തോടെ ഹിന്ദി കേൾക്കാനുള്ള ഉച്ചാര ശുദ്ധി തിരിച്ചറിയാനുള്ള അവസരം ഒരുക്കുന്നു. | ജൂൺ മുതൽ | **ചുമതല**<br><br>ഹിന്ദി അധ്യാപകർ | ഹിന്ദി ക്ലബ്ബ് |
| 2. നാമം, സർവ്വനാമം, വിശേഷണം എന്നിവ തിരിച്ചറിയാനുള്ള ശേഷി വർദ്ധിപ്പിക്കുക. | ചെറിയ ചെറിയ വാക്യങ്ങളിലൂടെയും വാക്യങ്ങളിലൂടെയും പരിശീലനം നൽകുന്നു. | ജൂൺ -ജൂലൈ | ഹിന്ദി അധ്യാപകർ. | ഹിന്ദി ക്ലബ്ബ് |
| 3. പോസ്റ്റർ മുദ്രാവാക്യങ്ങൾ എന്നിവ തയ്യാറാക്കൽ പരിശീലനം. | ദിനാചരണങ്ങളിൽ, ഹിന്ദി പോസ്റ്ററുകൾ നിർമ്മിക്കാൻ അവസരം നൽകുന്നു. പോസ്റ്ററിന്റെ വിവിധ മോഡലുകൾ ക്ലാസ്സിൽ പ്രദർശിപ്പിക്കുന്നു. | ഓഗസ്റ്റ് - സെപ്തംബർ | ഹിന്ദി അധ്യാപകർ, ഗ്രൂപ്പ് ലീഡേഴ്സ് | ഹിന്ദി ക്ലബ്ബ് |
| 4. ഭാഷ മെച്ചപ്പെടുത്തുന്നതിനായി ഭാഷാവസ്തുതകളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നൽകുന്നു. | നാടകം ക്ലാസിൽ അവതരിപ്പിക്കുക കവിത, കഥാരചനകൾ പ്രോത്സാഹിപ്പിക്കുന്നതിന് ക്ലബ്ബിൽ മത്സരങ്ങൾ സംഘടിപ്പിക്കുക. | സെപ്തംബർ ഒക്ടോബർ | ഹിന്ദി അധ്യാപകർ, രക്ഷകർത്താക്കൾ | ഹിന്ദി ക്ലബ്ബ് |
| 5. ഹിന്ദി വാരാഘോഷം അന്തർദേശീയ ഹിന്ദിദിനം, കലോത്സവം എന്നിവയിൽ കുട്ടികളുടെ മികച്ച പങ്കാളിത്തം ഉറപ്പിക്കൽ | ക്ലബ്ബ് പ്രവർത്തനങ്ങളിലും ക്ലാസ് പ്രവർത്തനങ്ങളിലും ഇവ ഉൾപ്പെടുത്തുന്നു ഹിന്ദിയിൽ അസംബ്ലി നടത്തുന്നു. | ഓഗസ്റ്റ് സെപ്തംബർ ഒക്ടോബർ | ഹിന്ദി അധ്യാപകർ സഹപാഠികൾ | ഹിന്ദി ക്ലബ്ബ് |

| ലക്ഷ്യം | പഠനപ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 6. ഹിന്ദിയിലുള്ള സാഹിത്യരചനകളെ പ്രോത്സാഹിപ്പിക്കൽ | കൈയെഴുത്തുമാസികകൾ, സ്കൂൾ അസംബ്ലിയിൽ പ്രകാശനം ചെയ്യുകയും അത് കുട്ടികൾക്ക് വായിക്കുവാൻ അവസരം നൽകുകയും ചെയ്യുന്നു. | സെപ്തംബർ ജനുവരി | | |
| 7. ഭിന്നശേഷിക്കാർക്ക് അനുയോജ്യമായ രൂപീകരണം നടത്തി ഭാഷാപഠനം | ചിത്രങ്ങൾ, ചാർട്ടുകൾ, മോഡലുകൾ എന്നിവയുടെ സഹായത്തോടെ കുട്ടിയുടെ നിലവാരത്തിനുയോജ്യമായ പ്രവർത്തനങ്ങൾ നൽകുന്നു. | ജൂൺ മുതൽ | ഹിന്ദിഅധ്യാപകർ സഹപാഠികൾ | |
| 8. സൃഷ്ടിപരമായ കഴിവുകളെ പ്രോത്സാഹിപ്പിക്കൽ | പ്രദർശനങ്ങൾ, സെമിനാറുകൾ, മികച്ച രചനകളുടെ പ്രകാശനം എന്നിവ സംഘടിപ്പിക്കുന്നു. | ജനുവരി ഫെബ്രുവരി | ഹിന്ദിഅധ്യാപകർ എസ്.ആർ.ജി കൺവീൻ | |

# സമഗ്ര ഗുണമേന്മാ വിദ്യാലയ വികസന പരിപാടി– പ്രവർത്തനപദ്ധതികൾ

**HS വിഭാഗം**

**മേഖല: അക്കാദമികം** **ഉപമേഖല: സാമൂഹ്യശാസ്ത്രം**

| ലക്ഷ്യം | പഠനപ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പഠനപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | പ്രീ ടെസ്റ്റ്<br><br>സാമൂഹ്യശാസ്ത്രപഠനത്തിൽ താൽപ്പര്യം ജനിപ്പിക്കൽ<br><br>ചിത്രങ്ങൾ, വീഡിയോകൾ മുതലായവ നിരീക്ഷിച്ച് അഭിപ്രായങ്ങൾ അവതരിപ്പിക്കൽ<br><br>സ്കിറ്റുകൾ, ഗാനങ്ങൾ, ലഘുവിവരണങ്ങൾ മുതലായവയിലൂടെ അവർ നേടിയ അറിവുകളുടെ അവതരണം | രണ്ടു മാസം | പ്രഥമാധ്യാപകൻ<br>എസ്.ആർ.ജി<br>സോഷ്യൽ സയൻസ് അദ്ധ്യാപകർ | ബി.ആർ.സി<br>ഡയറ്റ്<br>എസ്.സി.ഇ.ആർ.ടി<br>പി.ടി.എ<br>എസ്.ആർ.ജി<br>ടീച്ചേഴ്സ് |
| കുട്ടികളെ അവരുടെ ക്ലാസ്സിലെ പാഠപുസ്തകങ്ങൾ വായിക്കുവാനും ഉത്തരങ്ങൾ കണ്ടെത്തുവാനും പ്രാപ്തനാക്കുക | വാക്കുകൾ, വാചകങ്ങൾ, ചിത്രരചന മുതലായവയിലൂടെ അവർ നേടിയ കാര്യങ്ങളുടെ വിവരണം തയ്യാറാക്കൽ | ആഗസ്റ്റ്<br>സെപ്തംബർ | പ്രഥമാധ്യാപകൻ<br>എസ്.ആർ.ജി<br>സോഷ്യൽ സയൻസ് ക്ലബ്, പിടിഎ, അദ്ധ്യാപകർ. | പി.ടി.എ<br>ടീച്ചേഴ്സ് |
| | പാഠഭാഗങ്ങൾ, ഗ്രൂപ്പുതലത്തിലും, വ്യക്തിഗതമായും വായിച്ച് ആശയ സാംശീകരണം | | സോഷ്യൽ സയൻസ് ക്ലബ്ബ്, പിടിഎ, അദ്ധ്യാപകർ. | |

| ലക്ഷ്യം | പഠനപ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| | ആശയസാംശീകരണം ബുദ്ധിമുട്ടുള്ള സ്ഥലങ്ങളിൽ അനുബന്ധ പഠന സാമഗ്രിക ളുടെ ഉപയോഗങ്ങൾ | | എസ്.ആർ.ജി<br>അദ്ധ്യാപകർ<br>പിടിഎ | പി.ടി.എ |
| | പാഠഭാഗങ്ങൾ ഡിജിറ്റൈ ലൈസേഷൻ നടത്തി അവ തരിപ്പിക്കൽ. | | സയൻസ് ക്ലബ്<br>അദ്ധ്യാപകർ. | |
| | വർക്ക്ഷീറ്റുകൾ നൽകി അവയുടെ ഉത്തരങ്ങൾ കണ്ടെത്തൽ | | സോഷ്യൽ<br>സയൻസ് ക്ലബ്<br>അദ്ധ്യാപകർ. | എസ്.എസ്<br>ക്ലബ്ബ് |
| | ചർച്ചാകുറിപ്പുകൾ, വായനാ കുറിപ്പുകൾ, ലഘുവിവരണ ങ്ങൾ മുതലായവ എഴുതി അവതരിപ്പിക്കൽ | | എസ്.ആർ.ജി<br>അദ്ധ്യാപകർ | |
| | ദൃശ്യാവിഷ്ക്കാരങ്ങൾ, നാട കം, സ്കിറ്റ് മുതലായവ<br>ഭൂപട വായന, മോഡലുക ളുടെ നിർമ്മാണം<br>പുതിയ ഐ.സി.ടി സാദ്ധ്യത കളുടെ നിർമ്മാണത്തിന് കുട്ടികളെ സജ്ജമാക്കൽ | | | |
| സാമൂഹ്യ ശാസ്ത്ര- ശാസ്ത്ര ജ്ഞന്മാരെ സൃഷ്ടി ക്കുന്നതി നായി സാമൂഹ്യ ശാസ്ത്ര ലാബ് | ഐ.സി.ടി സാധ്യതകളുപ യോഗപ്പെടുത്തി പുതിയ വീഡിയോ ചിത്രങ്ങൾ, ഗ്രാഫുകൾ, ഭൂപടങ്ങൾ മുത ലായവ തയ്യാറാക്കുന്നതിന് പ്രാപ്തരാക്കൽ | | | |
| | ഡിജിറ്റൽ ആൽബം, പ്രോജ ക്ടുകൾ, ചിത്രഗ്യാലറികൾ, മോഡലുകൾ മുതലായവ തയ്യാറാക്കുന്നതിന് പ്രാപ്ത രാക്കുക. | | | |